പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *109** 10/08/2017-ൽ മറുപടിയ്ക്ക്

**വിദ്യാഭ്യാസരംഗത്തെ നവീകരണപ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ആന്റണി ജോൺ<br>,, ഒ. ആർ. കേളു : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിദ്യാഭ്യാസരംഗത്തെ നവീകരണപ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പരീക്ഷാ നവീകരണത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ; കാണാപാഠം പഠിക്കുന്നതിലുപരി അറിവ് നേടുകയെന്ന പ്രക്രിയയ്ക്ക് ഈ നവീകരണം വഴി എത്രമാത്രം പ്രോത്സാഹനം ലഭിക്കുമെന്ന് പരിശോധനാവിധേയമാക്കിയിരുന്നോ; | (എ) | ഉണ്ട്. ജ്ഞാനനിർമ്മിതിയിൽ അധിഷ്ഠിതമായ ഒരു പാഠ്യപദ്ധതിയാണ് നാം പിന്തുടരുന്നത്. അനുഭവങ്ങളിലൂടെ കടന്നുപോകുന്ന പഠിതാവ് അറിവ് നിർമ്മിക്കുന്നുവെന്നും നിർമ്മിച്ച അറിവിനെ പുന:പരിശോധിച്ച് മെച്ചപ്പെടുത്തുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇത് നടക്കണമെങ്കിൽ വിലയിരുത്തൽ നിരന്തരമായി നടക്കുകയും അതിലൂടെ കിട്ടുന്ന തിരിച്ചറിവുകൾ പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്തുകയും വേണം. ഇക്കാര്യത്തിൽ നിരന്തരവിലയിരുത്തലിനാണ് (സി ഇ) ഏറെ പങ്ക് വഹിക്കാനാവുക എന്നതിനാൽ നിരന്തര വിലയിരുത്തൽ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുളള പഠനങ്ങളും പരിശീലനങ്ങളും നടന്നുവരികയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന സി ഇ, റ്റി ഇ സ്കോർ അനുപാതത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രക്രിയകളും പ്രവർത്തനങ്ങളും ശരിയായ വിധത്തിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്.<br>ടേം വിലയിരുത്തലിൽ ചുവടെ പറയുന്ന സവിശേഷതകൾ ഉറപ്പുവരുത്തുന്നതിനുളള ശ്രമങ്ങൾ നടക്കുന്നു.<br>● പഠനനേട്ടത്തെ (ആശയം, പ്രക്രിയ, |

| | | | |
|---|---|---|---|
| | | | മനോഭാവം, മൂല്യങ്ങൾ) അടിസ്ഥാനപ്പെടുത്തിയത്.<br>● നേടിയ അറിവിന്റെ പ്രയോഗ സന്ദർഭങ്ങൾ ഉൾക്കൊള്ളുന്നത്.<br>● ബൗദ്ധിക വെല്ലുവിളി ഉയർത്തുന്നതും വിവിധ ചിന്താ പ്രക്രിയകളുടെ ഉപയോഗത്തിലേക്ക് നയിക്കുന്നതും.<br>● കുട്ടിക്ക് സ്വയം വിലയിരുത്തലിന് സഹായകമായത്.<br>● നിശ്ചിതമായ പാറ്റേണിലേക്ക് ഒതുങ്ങാത്തതും നൂതനത്വവും വൈവിധ്യവും പുലർത്തുന്നതും.<br>● കുട്ടിയുടെ നില നിർണ്ണയിക്കാനും പഠനപ്രക്രിയയുടെ ഫലപ്രാപ്തി വിലയിരുത്തി തുടർ ആസൂത്രണം നടത്താൻ ടീച്ചറെ സഹായിക്കുന്നതും.<br>● വ്യത്യസ്ത നിലവാരക്കാരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നത്.<br>● കുട്ടികൾക്ക് എളുപ്പത്തിൽ വായിച്ച് മനസ്സിലാക്കാൻ ഉതകുംവിധം ലളിതവും ശിശുസൗഹൃദപരവുമായ ചോദ്യഭാഷ<br>● സ്വന്തം നിലപാടുകളും കാഴ്ചപ്പാടുകളും യുക്തിപൂർവ്വം സമർപ്പിക്കുന്നതിന് അവസരമൊരുക്കുന്ന ചോദ്യങ്ങൾ ഉൾക്കൊള്ളുന്നത്.<br>● വിമർശന ചിന്തയും പ്രതികരണ ശേഷിയും വളർത്താൻ ഉതകുന്ന ചോദ്യങ്ങൾ ഉള്ളത്.<br>● കുട്ടികൾക്ക് തെരഞ്ഞെടുപ്പിന് അവസരം നൽകുന്ന വിധത്തിൽ 25% അധിക ചോദ്യങ്ങൾ ഉൾപ്പെടുത്തിയത്. |
| (ബി) | പരീക്ഷാപ്പേടി അകറ്റുന്നതിനും വിദ്യാർത്ഥികളുടെ സമഗ്ര കഴിവ് വിലയിരുത്തുന്നതിനും ഉപയുക്തമായ രീതിയിൽ ഇത്തരം നവീകരണം നടത്തുമ്പോൾ പോലും കലാകായിക മേഖലയിലുൾപ്പെടെ പ്രാഗത്ഭ്യം തെളിയിക്കുന്നവർക്ക് പഠനത്തിൽ നഷ്ടപ്പെടുന്ന സമയത്തിന് പരിഹാരമെന്ന | (ബി) | കലാകായിക മേഖലയിൽ പ്രാഗൽഭ്യം തെളിയിക്കുന്നവർക്കുള്ള ഗ്രേസ് മാർക്ക് നിർത്തലാക്കാൻ നിർദ്ദേശിച്ചിട്ടില്ല. നിലനിൽക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ, പഠനം നടത്തി ഗ്രേസ് മാർക്ക് സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുന്നതിനാണ് ശ്രമിക്കുന്നത്. നില |

| | | | |
|---|---|---|---|
| | നിലയിൽ നൽകുന്ന ഗ്രേസ് മാർക്ക് നിർത്തലാക്കണമെന്ന നിർദ്ദേശം എത്ര മാത്രം പുരോഗമനപരമാണെന്ന് പരിശോധനാ വിധേയമാക്കുമോ; | | വിൽ ഗ്രേസ് മാർക്ക് വിഷയത്തിന്റെ മാർക്കിനൊപ്പം ചേർത്ത് നൽകുന്ന രീതിയാണ് പിൻതുടരുന്നത്. കുട്ടിക്ക് ഏത് മേഖലയിലാണ് പ്രഗത്ഭ്യം അത് തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന തരത്തിൽ ഗ്രേസ് മാർക്ക് പ്രത്യേകമായി നൽകാനാണ് ആലോചിക്കുന്നത്. തുടർപഠനത്തിനും ജോലിക്കുമെല്ലാം അർഹമായ പരിഗണന ലഭിക്കുന്ന തരത്തിൽ ആയിരിക്കും ഗവേഷണാടിസ്ഥാനത്തിലുള്ള പരിഷ്കാരം. |
| (സി) | സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ അടിമവൽക്കരണത്തിനുള്ള പ്രധാന ഉപാധിയാണെന്ന് ആക്ഷേപമുള്ള ഇന്റേണൽ അസസ്സ്മെന്റ് എന്ന അശാസ്ത്രീയ സമ്പ്രദായം പുന:പരിശോധിക്കാൻ വേണ്ട നടപടിയുണ്ടാകുമോ? | (സി) | സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.02.2017 ലെ സർക്കാർ ഉത്തരവ് (എം എസ്) നം.37/2017/ഉ വി വ പ്രകാരം ജസ്റ്റിസ് കെ.കെ.ദിനേശൻ ചെയർമാനും, ഡോ.കെ.കെ.എൻ കുറുപ്പ്, ഡോ. ആർ.വി.ജി മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. 05.08.2017 ലെ സർക്കാർ ഉത്തരവ് (എം എസ്) നം.232/2017/ഉ വി വ പ്രകാരം ടി കമ്മീഷന് 31.08.2017 വരെ കാലാവധി നീട്ടി കൊടുത്തിട്ടുണ്ട്. കമ്മീഷൻ ഇടക്കാല റിപ്പോർട്ടുകളൊന്നും ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ